**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6121** **09-07-2013 -ൽ മറുപടിക്ക്**

## അനധികൃത മദ്യം/സ്പിരിറ്റ് കടത്തൽ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>'' വർക്കല കഹാർ<br>'' പി. എ. മാധവൻ<br>'' സി. പി. മുഹമ്മദ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അനധികൃത മദ്യം കടത്തിക്കൊണ്ടുവരുന്നത് തടയുവാൻ അതിർത്തികളിൽ പ്രത്യേക പരിശോധന സംഘത്തെ എക്സൈസ് വകുപ്പ് നിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. അനധികൃത മദ്യം കടത്തിക്കൊണ്ടു വരുന്നത് തടയുവാൻ എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തി, വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, സംസ്ഥാന അതിർത്തികളിൽ, പട്രോൾ നടത്തി വാഹന പരിശോധന നടത്തി വരുന്നു. വ്യാജമദ്യ നിർമ്മാണ കേന്ദ്രങ്ങൾ കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും, മുൻകാലങ്ങളിൽ ഇത്തരം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളുടെ പ്രവർത്തനം നിരീക്ഷിച്ച് നടപടി എടുക്കുകയും ചെയ്തു വരുന്നു. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ, വ്യാജമദ്യ ഉല്പാദനവും വില്പനയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച്, എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കൈമാറുന്നുണ്ട്. |
| (ബി) അന്യസംസ്ഥാനത്ത് നിന്നും വ്യാജമദ്യം/സ്പിരിറ്റ് എന്നിവ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി എത്ര എക്സൈസ് സ്ക്വാഡുകൾക്ക് രൂപം നൽകിയിട്ടുണ്ട്; | (ബി) വ്യാജ മദ്യം / സ്പിരിറ്റ് എന്നിവ കടത്തിക്കൊണ്ടു വരുന്നത് തടയുവാൻ, എല്ലാ ജില്ലകളിലും ഇ.ഇ. & എ.എൻ.എസ്.എസ്. നിലവിലുണ്ട്. കൂടാതെ, 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സും, അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ബോർഡർ പട്രോളിംഗ് യൂണിറ്റും, എല്ലാ ജില്ലകളിലും നിലവിലുണ്ട്. |
| (സി) ഇതിനായി അയൽ സംസ്ഥാന സർക്കാരുകളുമായിഉന്നത തലത്തിൽ ബന്ധപ്പെടാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) ഉണ്ട്. ഉന്നത ഉദ്യോഗസ്ഥന്മാർ, അവശ്യ ഘട്ടങ്ങളിൽ, വിവരങ്ങൾ ശേഖരിക്കുന്നതിനും, പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും വേണ്ടി, അയൽ സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥരുടെ സഹായം ലഭ്യമാക്കി മേൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) ഇതിനായി എക്സൈസ് ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇതുമായി ബന്ധപ്പെട്ട്, എല്ലാ ജില്ലകളിലും ഇന്റലിജൻസ് സംവിധാനം ശക്തമായി പ്രവർത്തിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ